# മാതാ ന്യൂസ്

## മാതാ എച്ച് എസ് മണ്ണംപേട്ട

ഒക്ടോബർ

## മലയാളിമങ്ക മത്സരം – കേരളപ്പിറവി



മാത ഹൈസ്കൂൾ മണ്ണംപേട്ടയിൽ കേരളപ്പിറവിയോട് അനുബന്ധിച്ചുള്ള പരിപാടികൾ ഒക്ടോബർ 31 തീയതി ആഘോഷിക്കുകയുണ്ടായി.എൽ പി വിഭാഗത്തിന് മലയാളിമങ്ക മലയാളിമാരൻ എന്നീ മത്സരങ്ങൾ നടത്തുകയുണ്ടായി . കേരള പിറവി ആഘോഷങ്ങൾ 10. 30 ന് ആരംഭിച്ചു . ആൻസി ടീച്ചറുടെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച കേരള പിറവി ആഘോഷങ്ങളുടെ അധ്യക്ഷൻ എച്ച് എം തോമസ് മാസ്റ്റർ ആയിരുന്നു..ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപിക നീന ടീച്ചർ ആശംസ പ്രസംഗം നടത്തി. 36 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ഹൈസ്കൂൾ വിഭാഗം അധ്യാപകരായിരുന്ന ജഡ്ജ്മെന്റിനായി എത്തിയിരുന്നത്. മലയാളിമാരനായി നാലാം ക്ലാസിലെ ആര്യൻ എസ് എന്ന കുട്ടി തിരഞ്ഞെടുക്കപ്പെട്ടു.മലയാളി മങ്കയായി നാലാം ക്ലാസിലെ ദിയ കൃഷ്ണ എന്ന കുട്ടിയെയും തിരഞ്ഞെടുത്തു മലയാളി മാരനും , മലയാളി മങ്കയ്ക്കും കിരീടവും സമ്മാനങ്ങളും നൽകുകയുണ്ടായി .എൽ പി വിഭാഗം അധ്യാപികയായബിന്ദു ഇയ്യപ്പൻ ടീച്ചർ നന്ദി പ്രസംഗത്തോടെ കേരള പിറവി ആഘോഷങ്ങൾ സമാപിച്ചു.പങ്കെടുത്ത എല്ലാ കുട്ടികൾക്കും

## 2025–26 ചേർപ്പ് സബ്ബ് ജില്ലാതല ഐടി മേളയിൽ ഓവറോൾ രണ്ടാം സ്ഥാനം

2025–26 ചേർപ്പ് സബ്ബ് ജില്ലാതല ഐടി മേളയിൽ ഓവറോൾ രണ്ടാം സ്ഥാനം മാതാ ഹൈസ്കൂളിന്. ഐടി മേളയിൽ ഓവറോൾ രണ്ടാം സ്ഥാനം ചെറിയൊരു ഇടവേളക്കുശേഷം സബ്ബ് ജില്ലാതല ഐടി മേളയിൽ രണ്ടാം സ്ഥാനം മാതാ ഹൈസ്കൂളിന്.ഈ അംഗീകാരം മാതാ ഹൈസ്കൂളിന് ഒരു പൊൻതൂവൽ കൂടി സമ്മാനിച്ചു.സ്കൂൾതല വിജയികളായ വിദ്യാർത്ഥികളാണ് സബ്ബ് ജില്ലാതലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തത്. പങ്കെടുത്ത എല്ലാം മത്സരങ്ങളിലും തന്നെ എ ഗ്രേഡ് കരസ്ഥമാക്കികൊണ്ടായിരുന്നു ഓവറോൾ രണ്ടാം സ്ഥാനം എന്ന അംഗീകാരത്തിലേക്ക് എത്തിച്ചേർന്നത്. ഫസ്റ്റ്, സെക്കൻഡ്, തേർഡ് എന്നീ സ്ഥാനങ്ങൾ മത്സരങ്ങളിൽ കുട്ടികൾക്ക് ലഭിക്കുകയുണ്ടായി. ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളായിരുന്നു എല്ലാ മത്സരാർത്ഥികളും. രചനയും അവതരണവും എന്നയിനത്തിൽ ശ്രീഹരി ഇ കെ ഒന്നാം സ്ഥാനവും, ജന്മനാ ക്ലബ്ഫൂട്ട് എന്ന രോഗത്താൽ ശാരീരിക പരിമിതികളുള്ള സൗരവ് ഒ ആർ, ഡിജിറ്റൽ പെയിന്റിങ്ങിൽ രണ്ടാം സ്ഥാനവും, വെബ്ബ് പേജ് ഡിസൈനിങ്ങിൽ പോൾജോ ടി പി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മലയാളം ടൈപ്പിങ്ങിൽ അദ്വിക് വിഎസ്, സ്ക്രാച്ച് പ്രോഗ്രാമിൽ ഭരത്ചന്ദ്രൻ സി എസ്, അനിമേഷനിൽ അന മിത്രൻ എസ്, ഐടി ക്വിസിൽ ശിവനന്ദന എന്നീവർ എ ഗ്രേഡ് കരസ്ഥമാക്കി. യുപി വിഭാഗം വിദ്യാർഥികളായ ജോൺ ഫ്രാൻസിസ് ഡിജിറ്റൽ പെയിന്റിങ്ങിൽ ബി ഗ്രേഡും,മലയാളം ടൈപ്പിങ്ങിൽ ജെഫീന ബി ഗ്രേഡും കരസ്ഥമാക്കി. ശ്രീഹരി ഇ കെ, സൗരവ് ഒ ആർ എന്നീ വിദ്യാർത്ഥികൾക്ക് ജില്ലാതല ഐടി മേളയിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു.



## ഒക്ടോബർ 15 ലോക കൈകഴുകൽ



രാവിലെ അസംബ്ലിയിൽ ലോക കൈകഴുകൽ ശീലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രധാന അധ്യാപകൻ തോമസ് മാഷ് കുട്ടികൾക്ക് അവബോധം നൽകി. തുടർന്ന് വിദ്യാർത്ഥികൾ കൈ കഴുകലിന്റെ ആവശ്യകത മനസ്സിലാക്കും വിധം വിവിധയിനം പോസ്റ്ററുകൾ ഉണ്ടാക്കി കൊണ്ടുവന്നു ക്ലാസുകളിൽ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ആറാം ക്ലാസിൽ പഠിക്കുന്ന ലെന പി എസ്, ജലജന്യ രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതലിനെകുറിച്ചും കൈകഴുകലിന്റെ ആവശ്യകതയെകുറിച്ചും പ്രസംഗം അവതരിപ്പിച്ചു. 7 കൈകഴുകൽ രീതികളെക്കുറിച്ച് മനസ്സിലാക്കുംവിധം കുട്ടികൾക്ക് ക്ലാസ് നൽകി. വളരെ മനോഹരമായി കുട്ടികൾ അത് അവതരിപ്പിക്കുകയും ചെയ്തു.

## ജീവധാര – കുട്ടി ഗവേഷകക്കൂട്ടം ദിനം

ബി ആർ സി കൊടകരയുടെ നേതൃത്വത്തിൽ കുട്ടി ഗവേഷകക്കൂട്ടംഎന്ന പരിപാടി മാതാ എച്ച് എസ് മണ്ണംപേട്ടയിൽ ഇന്ന് (27–10 – 2025)10. 30 ന് നടന്നു. മാതഎച്ച് എസ് മണ്ണംപേട്ടയിലെ ചാരുത് ചന്ദ്ര V.Sഅവതരിപ്പിച്ച അക്വാപോണിക്സ് എന്ന പ്രോജക്ട് ബി ആർ സി തലത്തിൽ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.ജീവധാര – അക്വാപോണിക്സ് കുട്ടി ഗവേഷക കൂട്ടത്തിൻ്റെ സെമിനാർ അവതരണവും പ്ലാനിങ്ങും നടന്നു. അളഗപ്പനഗർ കൃഷി ഓഫീസർ ശ്രീ ഇ.കെ രവീന്ദ്രൻ, ചാലക്കുടി ഫിഷറീസ് ഡിപ്പാർട്ട്മെൻ്റ് FEO ശ്രീമതി ജിബിന , കൊടകര ബി.ആർസി BPC ശ്രീ അനൂപ്, വാട്ടർ അതോറിറ്റി ജൂനിയർ സൂപ്രണ്ട് സജീഷ് വൈലോപ്പിള്ളിഎന്നിവർ പങ്കെടുത്തു. മാത വിദ്യാലായത്തിലെ ഹെഡ്മാസ്റ്റർ തോമസ് സാർ സ്വാഗതം ആശംസിച്ചു.



Bpc അനൂപ് സാർ പദ്ധതി വിശദീകരണം നടത്തി. അളഗപ്പനഗർ കൃഷി ഓഫീസർ ഇ.കെ രവീന്ദ്രൻ വിഷരഹിത പച്ചക്കറികൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ചാലക്കുടി ഫിഷറീസ് Feo ജിബിന മാഡം അക്വോപോണിക്സ് പ്ലാൻ്റിലെ വിവിധ ഘട്ടങ്ങളെക്കുറിച്ചും അക്വോ പോണിക്സ് കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. അക്വോപോണിക്സ് യൂണിറ്റിൻ്റെ പ്രവർത്തന ത്തെക്കുറിച്ച് സജീഷ് വൈലോപ്പിള്ളി വിശദീകരിച്ചു. കുട്ടികൾക്ക് സംശയ നിവാരണം നൽകി. കൊടക്കര ബി.ആർ.സി യിലെ അധ്യാപകരായ ശ്രീദേവി ടീച്ചറും രമ്യ ടീച്ചറും മാത എച്ച്. എസിലെ അധ്യാപകരായ ഷീജ വാറുണ്ണി ടീച്ചറും ഫ്രാൻസീസ് മാസ്റ്ററും ബീന സി.ഡി ടീച്ചറും പരിപാടികൾക്ക് നേതൃത്വം നൽകി. മാത എച്ച് എസിലെ 20 വിദ്യാർത്ഥികളും വരന്തരപ്പിള്ളി സിജെ എം വിദ്യാലയത്തിലെ 8 വിദ്യാർത്ഥികളും ഗവൺമെൻ്റ് അളഗപ്പ Hss ലെ 5 വിദ്യാർത്ഥികളും

